22103218

**QP CODE: 22103218**

**Reg No : ....................**

**Name : ....................**

**UNDER GRADUATE (CBCS) REGULAR / IMPROVEMENT / REAPPEARANCE EXAMINATIONS, OCTOBER 2022**

**Second Semester**

**Common Course II - ML2CCT02 - മലയാളം- കവിത**

(Common for all Model I B.A / B.Sc Programmes)

**For Regular Candidates: 2017 Admission Onwards**

**For Private Candidates : 2021 Admission Only**

2B10B22F

Time: 3 Hours

Max. Marks : 80

***Instructions to Private candidates only:*** *This question paper contains **two** sections. Answer **SECTION I** questions in the answer-book provided. **SECTION II**, Internal examination questions must be answered in the question paper itself. Follow the detailed instructions given under **SECTION II***

## SECTION I

### പാർട്ട് എ

*അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **പത്തു** ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോ ചോദ്യത്തിനും **2** മാർക്ക് വീതം.*

1. "ചടുല ലതകളാടിടാതെ ചാഞ്ഞാ
   വിടപികൾ മേലനുമൂർച്ഛയാർന്നു നിന്നു" - ഇങ്ങനെ നിൽക്കാൻ
   കാരണമെന്ത് ?

2. "തടവി വിവശമംഗ മോമനേ, യെ-
   ന്നിടറി വിളിച്ചവൾ കണ്ണുനീർ ചൊരിഞ്ഞാൾ" - ആര്? സന്ദർഭമെന്ത്?

3. " വർഷങ്ങൾക്കപ്പുറത്ത് നിന്ന്
   ഒരു ചിരി വന്ന്
   ഇരുവരുടെയും മുഖത്ത് പടർന്നു " - കാരണമെന്ത് ?

4. "വെമ്പി ഞങ്ങളീ ലോകം സമത്വ
   പ്പൊൻ വനിയായ് പുനർ വിരചിപ്പാൻ" - ആരാണ് വെമ്പിയത്?

5. "നേരമായി നിനക്കു ജീവിക്കാൻ
   നേരമിന്നു തിരക്കു കൂട്ടുന്നു" - ആരുടെ വാക്കുകളാണിത്?
   വിശദീകരിക്കുക.

6. "അതോ മായികതകളെല്ലാം കൊഴിഞ്ഞ്
തനിത്തരം പരസ്യപ്പെട്ടുപോയ
ഒരു മുൻ അവതാരമോ നീ " - കവി ഇങ്ങനെ സംശയിക്കാൻ കാരണമെന്ത്?

7. കവിതയിലെ ആൺ വീടിന്റെ പ്രത്യേകതകൾ എന്തെല്ലാം?

8. 'ഒറ്റക്കു വീണുമരിക്കാൻ പഠിച്ചുകഴിഞ്ഞു ഞാൻ ' എന്ന പ്രസ്താവന ഏതു സാഹചര്യത്തിലാണ് ഉണ്ടാവുതെന്ന് വിശദീകരിക്കുക.

9. " അഥവാ ഉലക്കമേൽ കിടക്കാനുള്ളതാണോ ഒരുമ?
അതോ തലഉയർത്തി എണീറ്റു നില്ക്കാനുള്ളതോ "? - ഈ ചോദ്യങ്ങൾ ഉയരുന്ന സന്ദർഭമേതെന്ന് വിശദീകരിക്കുക.

10. "തല നിവർത്തുമ്പോൾ
വാലു ചുരുളും
വാലു നിവർത്തുമ്പോൾ തലയും " - എന്തിനെപ്പറ്റി ഇവിടെ പ്രതിപാദിക്കുന്നത് ?

11. "ഈ മൃഗഗ്രഹം നൂളാൻ
എന്റെയാവിവൻ തോണി " സന്ദർഭമേത്? വിശദമാക്കുക.

12. "കൊടുങ്കാറ്റിനെ അഴിച്ച്
തിരമാലയ്ക്കു കൊടുത്തു " - ആര്? വിശദമാക്കുക.

(10×2=20)

**പാർട്ട് ബി**

*ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.*
*ഓരോ ചോദ്യത്തിനും **5** മാർക്ക് വീതം.*

13. "മുറിച്ചു മാറ്റിയ കൈയിന്റെ
വേദന പോലെ ഒരു കവിത ഇന്നു ഞാനെഴുതും " - എന്ന് ഏത് സാഹചര്യത്തിലാണ് കവി വിചാരിക്കുന്നത്?

14. 'വിപ്ലവ മാർഗത്തെക്കുറിച്ചുള്ള സംശയങ്ങളാണ് 'സ്നേഹസുന്ദരപാതയിലൂടെ' എന്ന കവിതാഭാഗത്ത് ഉള്ളത്' - വിശദീകരിക്കുക

15. 'കുഞ്ഞുണ്ണി മാഷിന്റെ കവിതകൾ വേറിട്ട ഒരു ഭാവുകത്വത്തെ അടയാളപ്പെടുത്തുന്നു' - കുന്നിമണികൾ എന്ന പാഠഭാഗത്ത് തന്നിട്ടുള്ള കവിതകളെ അടിസ്ഥാനമാക്കി വിശദീകരിക്കുക.

16. "കണ്ണിലെപ്പോഴും കത്തിജ്ജ്വലിക്കു-
മുൾക്കണ്ണു വേണമണയാത്ത കണ്ണ്" - കോഴിയമ്മയുടെ ഈ ഉപദേശത്തിന്റെ പ്രസക്തിയെന്ത്?

17. 'മെല്ലെതിന്നാൽ പനയും തിന്നാം' എന്ന പഴഞ്ചൊല്ലിനെ പഴഞ്ചൊല്ലുകൾ എന്ന കവിതയിൽ എപ്രകാരമാണ് പുനർവായിക്കുന്നത്?

18. "മുതുകിൽ നിൻ ചാട്ടയുലച്ചു കൊള്ളുക, വലയത്തിൽച്ചാടാനുണർന്നിരിപ്പൂ ഞാൻ" - ഈ കീഴടങ്ങലിന്റെ കാരണമെന്ത്?

19. 'സമ്പത്തു കാലത്ത് ........' എന്ന പഴഞ്ചൊല്ലിനെ സച്ചിദാനന്ദൻ എങ്ങനെ വ്യാഖ്യാനിക്കുന്നു?

20. "പ്രകൃതിയിലേക്ക് മറ്റാരും നോക്കാത്ത നോട്ടമാണ് ആഴങ്ങൾ അടച്ചിട്ട പുഴ എന്ന കവിതയിലൂടെ എസ് ജോസഫ്" - വിശദീകരിക്കുക.

21. സ്മാരകം എന്ന കവിതയ്ക്ക് ഒരു ആസ്വാദനക്കുറിപ്പെഴുതുക.

(6×5=30)

## പാർട്ട് സി

*നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.*
*ഓരോ ചോദ്യത്തിനും **15** മാർക്ക് വീതം.*

22. 'പ്രണയം, വിവാഹം, കുടുംബം എന്നീ സ്ഥാപനങ്ങളെ അതിനിശിതമായി ചോദ്യം ചെയ്യുന്ന കലാപകാരികളാണ് കുമാരനാശാന്റെ നായികമാർ' - ലീല എന്ന കവിതയുടെ പശ്ചാത്തലത്തിൽ പരിശോധിക്കുക.

23. കാലത്തിന്റെ കാലുഷ്യത്തെ കോഴി, മുള്ളൻപന്നി, പിറക്കാത്തമകന് എന്നീ കവിതകളിൽ എപ്രകാരമാണ് ആവിഷ്കരിക്കുന്നതെന്ന് വിശദമാക്കുക.

24. പെണ്ണിന്റെ സ്വത്വ പ്രഖ്യാപനവും ചെറുത്തു നിൽപ്പും പെണ്ണിടങ്ങളെക്കുറിച്ചുള്ള സ്വപ്നവും മലയാള കവിതയിലാണ് ഏറ്റവും ശക്തമായി കണ്ടുവരുന്നത് എന്ന അഭിപ്രായം മൃഗശിക്ഷകൻ, കൽവീട്, ഗോതമ്പുശില്പം എന്നീ കവിതകളുടെ പശ്ചാത്തലത്തിൽ പരിശോധിക്കുക.

25. കുട്ടമ്മാൻ, പഴഞ്ചൊല്ലുകൾ എന്നീ കവിതകൾ എപ്രകാരമാണ് അരികുവത്കരിക്കപ്പെട്ട ജീവിതങ്ങളുടെ പക്ഷം ചേരുന്നതെന്ന് വിശദീകരിക്കുക.

(2×15=30)